**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2396** **30-09-2025 - ൽ മറുപടിയ്ക്ക്**

**തെരുവുനായകളുടെ അനിയന്ത്രിതമായ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തെരുവുനായകളുടെ അനിയന്ത്രിതമായ വർദ്ധനവ് പൊതുജനങ്ങൾക്ക് വലിയ ഭീഷണിയായി മാറിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **തെരുവുനായകളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽ ഒന്നാണ് അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രം**<br><br>**തദ്ദേശ സ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടത്തി വരുന്നത്. പ്രസ്തുത പ്രവർത്തനത്തിനായി മൃഗസംരക്ഷണ വകുപ്പ് സാങ്കേതിക സഹായമുൾപ്പെടെ നൽകിവരികയും ചെയ്യുന്നു.നിലവിൽ 18 എ ബി സി സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ ABC യൂണിറ്റുകൾ ഇല്ലാത്ത എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും പോർട്ടബിൾ ABC യൂണിറ്റ് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വികരിച്ചുവരുന്നു.** |
| (ബി) | തെരുവുനായകളെ പിടികൂടി പ്രജനന നിയന്ത്രണം നടത്താനുള്ള സ്ഥിരം സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിലും ബ്ലോക്ക്, താലൂക്ക് തലത്തിലും ഒരുക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | **തെരുവുനായകളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽ ഒന്നാണ് അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രം**<br><br>**തദ്ദേശ സ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടത്തി വരുന്നത്. പ്രസ്തുത പ്രവർത്തനത്തിനായി മൃഗസംരക്ഷണ വകുപ്പ് സാങ്കേതിക സഹായമുൾപ്പെടെ നൽകിവരികയും ചെയ്യുന്നു.നിലവിൽ 18 എ ബി സി സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. നിലവിൽ ABC യൂണിറ്റുകൾ ഇല്ലാത്ത എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും പോർട്ടബിൾ ABC യൂണിറ്റ് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വികരിച്ചുവരുന്നു.** |
| (സി) | രോഗം ബാധിച്ച തെരുവുനായകളെ ദയാവധത്തിന് വിധേയമാക്കുമ്പോൾ മൃഗസ്നേഹികളെന്ന് അവകാശപ്പെടുന്ന ചിലർ എതിർപ്പുമായി | (സി) | **വെറ്റിനറി ഡോക്ടറുടെ സാക്ഷ്യപ്പെടുത്തലിന് വിധേയമായി Prevention of Cruelty to Animals (Animal Husbandry Practices and** |

| | | | |
|---|---|---|---|
| | രംഗത്തുവരുന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | **Procedures) Rules 2023 ലെ ചട്ടം 8 പ്രകാരം തെരുവ് നായ്ക്കളെ പ്രസ്തുത ചട്ടങ്ങൾ അനുശാസിക്കുന്ന രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ദയാവധത്തിന് വിധേയമാക്കാവുന്നതാണ് എന്ന് തീരുമാനിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്ന WP(C) 18013/2017 ലെയും മറ്റ് അനുബന്ധ കേസുകളിലെയും 28.07.2025 തീയതിയിലെ ഉത്തരവുപ്രകാരം ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ മൃഗങ്ങളെ ദയാവധം ചെയ്യുന്നത് അനുവദിക്കാനാവില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.** |
| (ഡി) | കേരളത്തിൽ തെരുവുനായ നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കുന്നതിന് നിലവിലുള്ള കേന്ദ്രനിയമങ്ങൾ തടസ്സം സൃഷ്ടിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | **ഉണ്ട്. അക്രമകാരികളായ തെരുവ് നായകളെ കൊല്ലുന്നതിനുള്ള വ്യവസ്ഥ കേന്ദ്രനിയമം അനുശാസിക്കുന്നില്ല. നിയമങ്ങൾ വളരെ കർശനമാണെങ്കിലും, പല വ്യവസ്ഥകളും വളരെ അപ്രായോഗികമായതിനാൽ സമ്പൂർണ്ണ ലക്ഷ്യങ്ങൾ എ.ബി.സി.യുടെ കീഴിൽ കൈവരിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ട്. എ.ബി.സി പ്രോഗ്രാമിന്റെ ചില വ്യവസ്ഥകൾ ചുവടെ സൂചിപ്പിക്കുന്നു.**<br><br>**ഓപ്പറേഷൻ തിയേറ്ററിലും, മൃഗങ്ങളുടെ ജനന നിയന്ത്രണ കേന്ദ്രത്തിൽ മൃഗങ്ങളെ പാർപ്പിച്ചിരിക്കുന്ന സ്ഥലത്തും, മുഴുവൻ പരിസരത്തും ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ സ്ഥാപിക്കുകയും കുറഞ്ഞത് ഒരു മാസമെങ്കിലും ജന്തുക്ഷേമ ബോർഡ് വ്യക്തമാക്കിയതുപോലെ വീഡിയോ നിരീക്ഷണത്തിന്റെ റെക്കോർഡ് സൂക്ഷിക്കുകയും വീഡിയോ റെക്കോർഡിംഗുകൾ ആവശ്യപ്പെടുന്ന പക്ഷം പരിശോധനാ അതോറിറ്റി, മോണിറ്ററിംഗ് കമ്മിറ്റി അല്ലെങ്കിൽ ബോർഡിന് ലഭ്യമാക്കുകയും വേണം**<br><br>**നായകൾക്ക് ശസ്ത്രക്രിയ്ക്ക് ശേഷം, ദിവസം രണ്ടു തവണ ഭക്ഷണവും ആവശ്യത്തിന് വെള്ളവും നൽകണം. കുറഞ്ഞത് നാല് ദിവസമെങ്കിലും നായ്ക്കളെ കെന്നലുകളിൽ സൂക്ഷിക്കുകയും കൂടാതെ, ആൺ, പെൺ നായ്ക്കളെ വെവ്വേറെ പാർപ്പിക്കുകയും വേണം.**<br><br>**സുഖം പ്രാപിച്ച ശേഷം നായ്ക്കളെ പിടികൂടിയ അതേ സ്ഥലത്തോ പ്രദേശത്തോ വിട്ടയക്കുകയും അവയെ മോചിപ്പിച്ച തീയതി , സമയം, സ്ഥലം എന്നിവ രേഖപ്പെടുത്തുകയും തദ്ദേശ സ്ഥാപന അതോറിറ്റിയുടെയോ മൃഗക്ഷേമ സംഘടനയുടെയോ പ്രതിനിധി ടീമിനെ അനുഗമിക്കുകയും ചെയ്യണം. കാലാകാലങ്ങളിൽ, പിടിക്കുമ്പോഴും വിട്ടയക്കുമ്പോഴും നായ്ക്കളുടെ സ്ഥാനം ജിയോ-ടാഗിംഗ് ചെയ്യണം.** |

| | | | |
|---|---|---|---|
| | | | **നായയ്ക്ക് പേവിഷബാധ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണെങ്കിൽ, അവയെ സ്വാഭാവിക മരണം വരെ ഒറ്റക്ക് പാർപ്പിക്കണം. പേവിഷബാധ പിടിപെട്ടാൽ സാധാരണയായി പത്ത് ദിവസത്തിനുള്ളിൽ മരണം സംഭവിക്കുന്നു.**<br><br>**കൂട്ടായ വന്ധ്യംകരണത്തിനായി എ ബി സി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലും പൊതുജനങ്ങളുടെ ഭാഗത്ത് നിന്നും കടുത്ത പ്രതിഷേധം നേരിടുന്നുണ്ട്** |

സെക്ഷൻ ഓഫീസർ